# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 12 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 4


ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com


## 26 ശബരിമല റോഡുകൾ കൂടി നവീകരിക്കും;
## 170 കോടി രൂപ അനുവദിച്ചു: മന്ത്രി മുഹമ്മദ് റിയാസ്

ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാനപ്പെട്ട 26 റോഡുകൾ കൂടി നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു. ഇതിനായി 170 കോടി രൂപ അനുവദിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് തീർഥാടകരാണ് ഓരോ വർഷവും ശബരിമലയിലേക്കെത്തുന്നത്. അവർക്ക് സുഗമമായ ഗതാഗത സൗകര്യം ഉറപ്പാക്കാൻ ശബരിമല റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇത്തവണ തീർത്ഥാടന കാലം ആരംഭിക്കും മുൻപ് തന്നെ പൊതുമരാമത്ത് റോഡുകൾ നല്ല നിലവാരത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തിയിരുന്നു. സെപ്റ്റംബർ,

ഒക്ടോബർ മാസങ്ങളിൽ യോഗം ചേർന്നും ദിവസങ്ങളെടുത്ത് റോഡിലൂടെയാകെ നേരിട്ട് സഞ്ചരിച്ചും പ്രവൃത്തികൾ വിലയിരുത്തിയിരുന്നെന്നും മന്ത്രി അറിയിച്ചു.

***മണ്ഡലം: റോഡിന്റെ പേര്, അനുവദിച്ച തുക, പ്രവൃത്തി എന്ന ക്രമത്തിൽ**

അരുവിക്കര: നെട്ടാർച്ചിറ- വെള്ളനാട് - പൂവക്കൽ, 1290.32 ലക്ഷം, റോഡ് മെച്ചപ്പെടുത്തൽ. കാട്ടാക്കട: പൊങ്ങുംമൂട്- പ്ലാവൂർ റോഡ്, പൊങ്ങുംമൂട് - ആനപ്പാട്, 762.50 ലക്ഷം, ബിസി ഓവർലേ. കൊട്ടാരക്കര: കരിക്കം- ലോവർ കരിക്കം- ഈയംകുന്ന്- തട്ടം- പ്ലാവില- ഉദയ ജംഗ്ഷൻ- കോരിത്തുവിള- നെല്ലിക്കുന്നം- കടലവിള റോഡ്, 1200 ലക്ഷം. ബിഎം ബിസി.

കൊട്ടാരക്കര: അമ്പലത്ത്കല ജെറ്റിഎസ് റോഡും അമ്പലത്ത്കല ഇരുമ്പനങ്ങാട് റോഡും- 380 ലക്ഷം, ബിഎം ബിസി. കൊട്ടാരക്കര: പെരുംകുളം- കലയപുരം റോഡ്, 500 ലക്ഷം റോഡ് മെച്ചപ്പെടുത്തൽ. ആറൻമുള: കുമ്പഴ- പ്ലാവേലി റോഡ്, 725 ലക്ഷം, ബിഎം ബിസി. കോന്നി: ഇരപ്പൻകുഴി - പ്രമാടം അമ്പലം റോഡ്, 700 ലക്ഷം, ബിഎം ബിസി.

റാന്നി: അത്തിക്കയം- കക്കുടുമൺ- മന്ദമരുതി റോഡ്, 1255 ലക്ഷം, ബിഎം ബിസി.

ചടയമംഗലം: പാരിപ്പള്ളി മാടത്തറ റോഡ് (നിലമേൽ) - (കടയ്ക്കൽ) ചടയമംഗലം മണ്ഡലത്തിലെ അനുബന്ധ പ്രവർത്തികളും, 1000 ലക്ഷം, റോഡ് മെച്ചപ്പെടുത്തൽ.

തിരുവല്ല: മണിപ്പുഴ- പെരിങ്ങര റോഡും മൂവടത്ത്പടി മേപ്രാൽ റോഡും 483.5 ലക്ഷം, റോഡ് മെച്ചപ്പെടുത്തൽ. പീരുമേട്: 35-ാം മൈൽ കെ കെ റോഡ് തെക്കേമല, 850 ലക്ഷം, ബിഎം ബിസി. ചങ്ങനശേരി: 82-ാം മൈൽ എം.സി റോഡ്- 5-ാം മൈൽ സിഡബ്ല്യു റോഡ്, 300 ലക്ഷം, ബിസി ഓവർലേയും അനുബന്ധ പ്രവൃത്തികളും.

കളമശേരി: സീ പോർട്ട് എയർപോർട്ട് റോഡ്, 217 ലക്ഷം, റോഡ് റീസർഫസിംഗ്. കുന്നത്തുനാട്: പെരുമ്പാവൂർ ആലുവ റോഡ്, 649.50 ലക്ഷം, ബിഎം ബിസി. ആലുവ: കരിയാട് മാട്ടൂർ റോഡ് കാരിയാട് ജംഗ്ഷൻ- എയർപോർട്ട് ജംഗ്ഷൻ, 269 ലക്ഷം, ബിഎം ബിസി. കാഞ്ഞിരപ്പള്ളി: കറുകച്ചാൽ മണിമല റോഡ്, 600 ലക്ഷം, ബിസി ഓവർലേ.

ഇടുക്കി: തൊടുപുഴ പുളിയൻമല റോഡ്, 369 ലക്ഷം, ബിസി ഓവർലേ. പുതുപ്പള്ളി: ചേന്നംപള്ളി കുമ്പഴ റോഡ്, 576 ലക്ഷം, ബിഎം ബിസി. അടൂർ: പറക്കോട് ഐവർകാല റോഡ്, 1100 ലക്ഷം, ബിഎം ബിസി. പിറവം: സീ പോർട്ട് എയർപോർട്ട് റോഡ്, 344 ലക്ഷം,
റോഡ് മെച്ചപ്പെടുത്തൽ.

തൃക്കാക്കര: സീ പോർട്ട് എയർപോർട്ട് റോഡ്, 234.2 ലക്ഷം, റോഡ്

മെച്ചപ്പെടുത്തൽ. പാല: മുത്തോലി- കൊങ്ങാ ൂർ റോഡ്, 800 ലക്ഷം, ബിഎം ബിസി. പെരുമ്പാവൂർ: ആലുവ മൂന്നാർ റോഡ്, 902 ലക്ഷം, ബിഎം ബിസി. മൂവാറ്റുപുഴ: മൂവാറ്റുപുഴ - അഞ്ചൽപ്പെട്ടി, 200 ലക്ഷം, ബിഎം ബിസി. ആലുവ: പെരുമ്പാവൂർ ആലുവ റോഡ് പകലോമറ്റം-തോട്ടമുഖം ബ്രിഡ്ജ്, 512.5 ലക്ഷം, ബിഎം ബിസി, ഇടുക്കി: തങ്കമണി- നീലിവയൽ- പ്രകാശ് റോഡ്, 733.90 ലക്ഷം, ബിഎംബിസി.

(പി.ആർ. ശബരി-268)

